ശ്രീമതി എ. നഫീസത്തുബീവി : മറുപടിയിൽനിന്നു മനസ്സിലാകുന്നതു്, ഏതാനും ചില ഡിസ്ട്രിക്റ്റുകളിൽ ഈ സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നാണു്. പൊതുജനാരോഗ്യത്തിനു് സഹായകമായ ഈ സ്കീം ആലപ്പുഴ ഡിസ്ട്രിക്റ്റിൽ ഇതുവരെ തുടങ്ങിയിട്ടില്ല. സർവ്വേ നടക്കുന്നുണ്ടു്. അതിന്റെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു് ?

ശ്രീ. ഈ. പി. പൗലോസു് : ആ വിവരം എന്നേക്കാൾ കൂടുതലായി മെമ്പർക്കുതന്നെ അറിയാമല്ലോ.

ശ്രീ. എം. വി. വാസു : പാലക്കാട്ടു് ഒരു പാസ്ചറൈസേഷൻ പ്ലാന്റു് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നതായി മൻപു പറഞ്ഞിട്ടുണ്ടു്. അതു ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു ?

ശ്രീ. ഈ. പി. പൗലോസു് : അതിനു സ്ഥലം നിർണ്ണയിക്കുകയും കെട്ടിടംപണി ആരംഭിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ചിലർ കണക്കിൽകവിഞ്ഞു പാലിൽ വെള്ളം ചേർക്കുന്നു. കോഴിക്കോട്ടു് ഒരു സഹകരണസംഘത്തിനു് വെള്ളം ചേർത്തതിനു ആയിരം രൂപവരെ പിഴശിക്ഷ നൽകിയിട്ടുണ്ടു്. ഈവക കാര്യങ്ങളെ കർശനമായി തടയാൻ നടപടി എടുക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : പാൽ പരിശോധിക്കുന്നതിനു് ഏർപ്പാടുകളും ഉണ്ടു്. കണ്ടുപിടിക്കുന്ന കേസുകളും ശിക്ഷിക്കപ്പെടുന്നുമുണ്ടു്. അതെല്ലാം മിൽക്കു സപ്ലൈ യൂണിയന്റെ പ്രവർത്തനത്തിൽപ്പെടുന്നതാണു്. ഇതിൽ കൂടുതൽ കർശനമായി ശ്രദ്ധിക്കണമെന്നു നിർദ്ദേശം നൽകാം.

കുരുമുളകുതോട്ടങ്ങൾ

* 739. [16] ശ്രീ. പി. എസ്സു്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ അഞ്ചു് ഏക്കറും അതിൽ കൂടുതലുമുള്ള കുരുമുളകുതോട്ടങ്ങൾ (Pure pepper-vine gardens) എവിടെയെല്ലാമുണ്ടു് ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

സംസ്ഥാനത്തു് 5 ഏക്കറും അതിൽ കൂടുതലുമുള്ള കുരുമുളകു തോട്ടങ്ങൾ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ എന്നീ ജില്ലകളിലുണ്ടു്.

ശ്രീ. എം. എം. മത്തായി : 5 ഏക്കറിൽ കൂടുതലുള്ള [കുരുമുളകുതോട്ടങ്ങൾ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസു് : ആകെ എത്രയുണ്ടെന്നു കൃത്യമായി ഇപ്പോൾ പറയുവാൻ സാധ്യമല്ല.

റവന്യൂ ഡിപ്പാർട്ടുമെന്റിലെ പണാപഹരണക്കേസുകൾ

* 740. [17] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962, 1963 എന്നീ വർഷങ്ങളിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ എത്ര പണാപഹരണക്കേസുകൾ ഉണ്ടായിട്ടുണ്ടു് ;

(ബി) ഓരോന്നിലും involved ആയിട്ടുള്ള സംഖ്യ എത്ര ;

(സി) ഈ കേസുകളിൽ എത്രയെണ്ണം അന്വേഷണം പൂർത്തിയായി [illegible] ?

LIBRARY ARCHIVES Kerala Legislative Assembly